**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഒഎ നം. 2281/2019- അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇഎ 1-1040/2018/ആ.വ.ഡ തീയതി 06.07.2019
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ നം. 2281/2019 മേലുള്ള 03.02.2020 ലെ ഉത്തരവ്

**ഉത്തരവ് നം. ഇ.എ1- 14813/2020/ആ.വ.ഡ തീയതി 14.05.2020**

വയനാട് വൈത്തിരി താലൂക്ക് ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. അഞ്ജു മേരി മാത്യൂസിന് പരാമർശം (1) പ്രകാരം കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിയിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ബിജോയ്.എസ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ബഹുമാന പ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പടുവിച്ച ഉത്തരവിൽ ഡോ. ബിജോയ്.എസ്, ഡോ. അഞ്ജു മേരി മാത്യൂസ് എന്നിവരെ ആരോഗ്യവ കുപ്പു ഡയറക്ടർ നേരിൽ കേട്ടതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഉത്തരവാകുകയും ചെയ്തിരുന്നു.

ടി ഡോക്ടർമാരെ ആരോഗ്യവകുപ്പു ഡയറക്ടർ 11.03.2020 ൽ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഡോ. ബിജോയ്.എസ് ആണ് ഡോ. അഞ്ജു മേരി മാത്യൂസിനേക്കാൾ സീനിയറെന്നും ആയതിനാൽ ടിയാനാണ് ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിയിലേക്ക് സ്ഥലംമാറ്റത്തിന് യോഗ്യനെന്നും ബോധ്യപ്പെട്ടതിനാൽ ഡോ. ബിജോയ്.എസ് നെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിയി ലേക്കും ഡോ. അഞ്ജു മേരി മാത്യൂസിനെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ സാമൂഹികാരോ ഗ്യകേന്ദ്രത്തിലേക്കും സ്ഥലം മാറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. കോവിഡ് -19 മായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നു വരുന്നതിനാൽ ആയത് നിയന്ത്രണ വിധേയമാകുന്ന മുറയ്ക്ക് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ അനുമതിയോടുകൂടി മാത്രമേ ടി ജീവനക്കാരെ വിടുതൽ ചെയ്യുവാൻ പാടുള്ളൂ എന്നറിയിക്കുന്നു.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ നം. 2281/2019 മേലുള്ള 03.02.2020 ലെ വിധി ന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1. ഡോ. ബിജോയ്.എസ്, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) സാമൂഹികാരോഗ്യകേന്ദ്രം ഇരിക്കൂർ, കണ്ണൂർ
2. ഡോ. അഞ്ജു മേരി മാത്യൂസ്, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) താലൂക്ക് ആശുപത്രി ശാസ്താംകോട്ട, കൊല്ലം

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

**സീനിയർ സൂപ്രണ്ട്**